(ഇ) (തുക ലക്ഷത്തിൽ)

2001-2002	754
2002-2003	1214
2003-2004 (ഇതുവരെ)	2703
	4671

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി, എച്ച്) ഉണ്ട്.

ജില്ല	2001-02	2002-03	2003-04
തിരുവനന്തപുരം	13	53	ഇതുവരെ
കൊല്ലം	45	40	തിരിച്ചടച്ചിട്ടില്ല
പത്തനംതിട്ട	..	..	
ആലപ്പുഴ	50	83	
ഇടുക്കി	47.6	48	
കോട്ടയം	..	70	
എറണാകുളം	72	39	
തൃശ്ശൂർ	50	97	
പാലക്കാട്	..	113	
മലപ്പുറം	..	50	
കോഴിക്കോട്	50	79	
വയനാട്	50	22	
കണ്ണൂർ	50	56	
കാസർഗോഡ്	49.9	36	
ആകെ	477.5	786	

(ഐ) മറുപടി 'എഫ്' പിരിവിന് നൽകിയിട്ടുണ്ട്.

പ്രകൃതി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്രസഹായം

17 [569] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും ഏതെല്ലാം ഘട്ടത്തിൽ പ്രകൃതി ദുരിതാശ്വാസ സഹായത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്;

(ബി) ഓരോ ഘട്ടത്തിലും ആവശ്യപ്പെട്ട സാമ്പത്തിക സഹായം എത്ര കോടി രൂപയുടേതായിരുന്നു എന്നും ഇതേ കാലയളവിൽ എത്ര കോടി രൂപ വീതം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവദിച്ചുതരികയുണ്ടായി എന്നും അറിയിക്കുമോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതേ കാലയളവിൽ സർക്കാർ പ്രകൃതി ദുരന്തത്തിനിരയായവർക്ക് എത്ര കോടി രൂപ വീതം സഹായം ലഭ്യമാക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(ഡി) കേന്ദ്ര സഹായമായി ഇതിനകം ലഭിച്ച എന്ത് തുക ഇനിയും ചെലവഴിക്കുവാനായി ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2001-ലെ തെക്കുപടിഞ്ഞാറൻ കാലവർഷക്കെടുതികൾക്കും 2002-ൽ സംസ്ഥാനത്തുണ്ടായ വരൾച്ച-വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും കേന്ദ്ര സഹായം ആവശ്യപ്പെടുകയുണ്ടായി.

(ബി) 2001-ൽ കാലവർഷക്കെടുതികൾക്ക് മൊത്തം 552 കോടി രൂപയുടെ ധന സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. 2002 ആഗസ്റ്റ് മാസത്തിൽ വരൾച്ചയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി 1022 കോടി രൂപ പ്രത്യേക ധനസഹായമായി കേന്ദ്രത്തോട് അഭ്യർത്ഥിച്ചു. അതിനുശേഷം വരൾച്ച രൂക്ഷമായതിനെത്തുടർന്ന് 28-11-2002-ലും 11-12-2002-ലും കേന്ദ്ര സർക്കാരിന് സമർപ്പിച്ച അനുബന്ധ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയ തുകകൂടി കൂട്ടി ആകെ 1057 കോടി രൂപ ധനസഹായമായി ആവശ്യപ്പെട്ടിട്ടുണ്ട്. 2002 നവംബർ മാസത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 145.7 കോടി രൂപയുടെ പ്രത്യേക ധനസഹായത്തിനായി കേന്ദ്ര ആഭ്യന്തര വകുപ്പിനെ സമീപിക്കുകയുണ്ടായി. ഈ മൂന്ന് സന്ദർഭങ്ങളിലും സെൻട്രൽ ടീം സംസ്ഥാനം സന്ദർശിച്ചുവെങ്കിലും കേന്ദ്രത്തിൽ നിന്നും പണമായി ഇതുവരെ പ്രത്യേക സഹായമൊന്നും ലഭിച്ചിട്ടില്ല. എങ്കിലും "ജോലിക്കു കൂലി ഭക്ഷണം" എന്ന പദ്ധതിയിൽ (എസ്.ജി.ആർ.വൈ. സ്പെഷ്യൽ കമ്പോണന്റ് സ്കീം) ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഇതുവരെ 102,000 മെട്രിക് ടൺ അരി നൽകിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

ഫ്ളഡ് റിലീഫ് വർക്കിനുള്ള തുക

18 [570] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾക്കായി ഇതേവരെ സംസ്ഥാനത്ത് അനുവദിച്ച മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതേ കാലയളവിൽ ഈയിനത്തിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ അസംബ്ലി മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) അനുവദിച്ച് ഉത്തരവായ വർക്കുകളിൽ ഇതിനകം നിർമ്മാണം നടത്തി തുക വിനിയോഗിക്കപ്പെട്ടവയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly